**പതിനഞ്ചാം കേരള നിയമസഭ**

# ഹർജികൾ സംബന്ധിച്ച സമിതി (2023-26)

ഏഴാമത് റിപ്പോർട്ട്

## സമിതി (2014-16)-യുടെ 11-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി (2023-26)

ഏഴാമത് റിപ്പോർട്ട്

## സമിതി (2014-16)-യുടെ 11-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | iv |
| ആമുഖം | v |
| റിപ്പോർട്ട് | 1 - 10 |
| അനുബന്ധം | 11 |

# സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീ. വി. ജോയി,  എം.എൽ.എ.*

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.

ശ്രീ. ജി. എസ്. ജയലാൽ,  എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ,  എം.എൽ.എ.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.

ശ്രീമതി  കെ. കെ. രമ, എം.എൽ.എ.

ശ്രീ. എച്ച്. സലാം, എം.എൽ.എ.

ശ്രീ. സനീഷ് കുമാർ ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി  ഇൻ-ചാർജ്ജ്

ശ്രീമതി എം. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി

ശ്രീ. സ്വാമിനാഥൻ കെ., അണ്ടർ സെക്രട്ടറി

---

* 16.01.2026-ലെ ബുള്ളറ്റിൻ നമ്പർ 690 (ഭാഗം II) പ്രകാരം സമിതി അദ്ധ്യക്ഷനായി നാമനിർദേശം ചെയ്യപ്പെട്ടു.

# ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി (2023-26)-യുടെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2014-16)-യുടെ പതിനൊന്നാമത് റിപ്പോർട്ട് 2016 ഫെബ്രുവരി 18-ാം തീയതി സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 23.02.2026 തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**വി. ജോയി**
**ചെയർപേഴ്സൺ,**
**ഹർജികൾ സംബന്ധിച്ച സമിതി**

**തിരുവനന്തപുരം,**
**24.02.2026**

## സമിതി (2014-16)-യുടെ 11-ാമത് റിപ്പോർട്ടിന്മേലുള്ള

## ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ഹർജികൾ സംബന്ധിച്ച സമിതിയുടെ 2015-ലെ പ്രവർത്തനങ്ങൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട് (സമിതി (2014-16)-യുടെ പതിനൊന്നാമത് റിപ്പോർട്ട്) 2016 ഫെബ്രുവരി 18-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 7 പൊതുശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് 23.05.2016-ന് റിപ്പോർട്ടിന്റെ പകർപ്പ് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പാർലമെന്ററികാര്യം, ഉദ്യോഗസ്ഥഭരണപരിഷ്കാരം, കൃഷി (ക്ഷീരവികസനം), കൃഷി (ഇ.എ.) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ 30.04.2019-ലെ സമിതിയോഗത്തിലും വ്യവസായം, ആഭ്യന്തരം, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ 22.10.2024-ലെ യോഗത്തിലും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2014-16)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ആയതിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി പരിഗണിച്ച് അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | ഹർജികളിന്മേൽ റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് മൂന്ന് മാസത്തിലൊരിക്കൽ വകുപ്പ് സെക്രട്ടറിതലത്തിലും 6 മാസത്തിലൊരിക്കൽ ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗം നടത്തി സമിതിക്ക് യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 10) | **<u>പാർലമെന്ററികാര്യ വകുപ്പ്</u>**<br><br>(28.02.2019-ലെ പാ.കാ.വ.-ബി1/72/2016-പാ.കാ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>പ്രസ്തുത ശിപാർശയിന്മേൽ എല്ലാ വകുപ്പുകളിലും അടിയന്തര നടപടി സ്വീകരിക്കാനാവശ്യപ്പെട്ട് 24.04.2016-ൽ പി.എ.ഡി-72/ബി1/2016-പി.എ.ഡി എന്ന നമ്പരിൽ ചീഫ് സെക്രട്ടറിയുടെ ഒരു സർക്കുലർ പുറപ്പെടുവിച്ചു. |
| 2. | റിപ്പോർട്ട് ആവശ്യപ്പെട്ട് ഹർജി ഗവൺമെന്റിലേക്ക് അയച്ച് 10 വർഷത്തിലധികമായിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്ത ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 11) | **<u>പാർലമെന്ററികാര്യ വകുപ്പ്</u>**<br><br>(28.02.2019-ലെ പാ.കാ.വ.-ബി1/72/2016-പാ.കാ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>പ്രസ്തുത ശിപാർശയിന്മേൽ എല്ലാ വകുപ്പുകളിലും അടിയന്തര നടപടി സ്വീകരിക്കാനാവശ്യപ്പെട്ട് 24.04.2016-ൽ പി.എ.ഡി-72/ബി1/2016-പി.എ.ഡി എന്ന നമ്പരിൽ ചീഫ് സെക്രട്ടറിയുടെ ഒരു സർക്കുലർ പുറപ്പെടുവിച്ചു. |

| | | |
|---|---|---|
| 3. | ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ആഭ്യന്തര വകുപ്പിന്റെ അനാസ്ഥയെ സമിതി നിശിതമായി വിമർശിക്കുകയും കാലതാമസമുണ്ടാകുന്ന വേളയിൽ കേസ് അന്വേഷണം യുക്തമായ മറ്റേതെങ്കിലും സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 13) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(21.03.2023-ലെ ജി2/203/2022/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>പോലീസ് വകുപ്പിന്റെ നിലവിലുള്ള ആൾബലവും ലഭ്യമായ മറ്റു സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തിക്കൊണ്ട് കേസ് അന്വേഷണങ്ങൾ കാര്യക്ഷമമായും സമയബന്ധിതവുമായാണ് ഇപ്പോൾ നടത്തിവരുന്നത്. ജനശ്രദ്ധയാകർഷിച്ചതും മറ്റു പ്രാധാന്യമുള്ളതുമായ എല്ലാ കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്ത് മറ്റു നടപടികൾ പൂർത്തീകരിച്ച് കാലതാമസം കൂടാതെ ബന്ധപ്പെട്ട കോടതികൾ മുൻപാകെ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. കേസ് അന്വേഷണത്തിന്റെ ഭാഗമായി കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടി വരുന്ന ചുരുക്കം ചില കേസുകളിലാണ് കുറ്റപത്രം സമയബന്ധിതമായി സമർപ്പിക്കുവാൻ കഴിയാതെ വരുന്നതെന്നും എന്നിരുന്നാലും അത്തരം കേസുകളുടെ സ്വഭാവം കണക്കിലെടുത്ത് ആവശ്യമായ തെളിവുകൾ ശേഖരിച്ച് കുറ്റപത്രം വലിയ കാലതാമസം വരുത്താതെ കോടതിയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാറുണ്ടെന്നും പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. കേസന്വേഷണങ്ങൾ എല്ലാം തന്നെ മറ്റേതെങ്കിലും സർക്കാർ ഏജൻസികൾക്ക് ഏല്പിക്കേണ്ട സാഹചര്യം തത്ക്കാലം നിലവിൽ ഇല്ല. ചില കേസുകളിൽ പൊതുവായി അന്വേഷണം തൃപ്തികരമല്ലാത്ത സാഹചര്യങ്ങളിൽ സർക്കാർ അത് ഗൗരവമായി കാണുകയും |

| | | |
|---|---|---|
| | | പ്രത്യേക കമ്മിഷനുകളെ വച്ചോ, ജുഡീഷ്യൽ കമ്മീഷനുകളെ വച്ചോ അവ മുഖേന അന്വേഷണം നടത്തുവാനോ അതല്ലെങ്കിൽ സി.ബിഐ. മുഖേന അന്വേഷണം നടത്തുവാനോ അതാത് കേസിന്റെ ഗൗരവം കണക്കാക്കി യുക്തമായ രീതിയിൽ സർക്കാർ തീരുമാനമെടുത്ത് ഏൽപ്പിക്കാറുണ്ട് എന്നത് ബോധിപ്പിക്കുന്നു. |
| 4. | സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരായിട്ടുള്ള കേസുകൾ മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 14) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(21.03.2023-ലെ ജി2/203/2022/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി ഉൾപ്പെടുന്ന കേസുകളുമായി ബന്ധപ്പെട്ട് യഥാസമയം തന്നെ സ്പെഷ്യൽ റിപ്പോർട്ട് മേലധികാരികൾക്ക് അയച്ച് വരാറുണ്ടെന്നും പോലീസുകാർ പ്രതികളായ കേസുകൾ വളരെ ഗൗരവത്തോടുകൂടിയാണ് മേലുദ്യോഗസ്ഥർ അന്വേഷിച്ച് വരുന്നതെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. ഇൻസ്പെക്ടർ മുതൽ മുകളിൽ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർ പ്രതികൾ ആകുന്ന കേസുകൾ, കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച കേസുകൾ എന്നിവയിൽ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിന് ആണ് അന്വേഷണ ചുമതല ഉള്ളത്. ഇത്തരം കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും |

| | | |
|---|---|---|
| | | ഉണ്ടാകാറില്ലായെന്നും ഇത്തരം കേസുകളിൽ ക്രൈം കേസിന് പുറമെ വകുപ്പുതല അന്വേഷണവും നടത്താറുണ്ടെന്നും അഴിമതി സംബന്ധമായ കേസുകൾ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുന്നുണ്ടെന്നും കേസന്വേഷണം മറ്റേതെങ്കിലും അന്വേഷണ ഏജൻസികളെ ഏല്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിൽ ഇല്ല എന്നുമാണ് പോലീസ് മേധാവി അറിയിച്ചിട്ടുള്ളത്. സർക്കാരിൽ ലഭിക്കുന്ന പരാതികളിലും വിജിലൻസ് ആംഗിൾ ഉള്ളവയിൽ പോലീസ് തലത്തിൽ അന്വേഷണ റിപ്പോർട്ട് വാങ്ങി സർക്കാർ തലത്തിൽ പരിശോധിച്ച ശേഷം ആവശ്യമായ കേസുകളിൽ വിജിലൻസ് അന്വേഷണം നടത്താറുണ്ട്. ഡിപ്പാർട്ട്മെന്റ് ആംഗിൾ ഉള്ളവയിൽ വകുപ്പുതല അന്വേഷണങ്ങൾ നടത്താറുണ്ട്. സർക്കാർ മുമ്പാകെ വരുന്ന അച്ചടക്കനടപടി കേസുകളിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകാറില്ല. പോലീസ് കുറ്റക്കാരായ എല്ലാ കേസുകളിലും മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കുക പ്രായോഗികമല്ല. |
| 5. | ഭൂരഹിതരും അർഹതപ്പെട്ടവരുമായവർ കൈവശം വച്ചിരിക്കുന്ന വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി ഗവൺമെന്റിന്റെ പദ്ധതികൾക്ക് ആവശ്യമില്ലെങ്കിൽ കൈവശക്കാർക്കുതന്നെ പതിച്ചു നൽകുകയോ ഇവരെ ഭൂരഹിതർക്കുള്ള ഭൂവിതരണ പദ്ധതിയിലുൾപ്പെടുത്തി ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 15) | **<u>റവന്യൂ വകുപ്പ്</u>**<br><br>(13.08.2024-ലെ റവ-യു1/117/2024-റവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് 19.04.2023-ലെ സ.ഉ (കൈ) 87/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "പട്ടയ മിഷൻ" എന്ന കർമ്മ പദ്ധതി |

| | | |
|---|---|---|
| | | നടപ്പിലാക്കിയിട്ടുള്ളതാണ്. "കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട് 1960”-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് “1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ" പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് “1995-ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ്• ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.<br>1964-ലെയും 1995-ലെയും ഭൂപതിവു ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. അത് കൂടാതെ നിലവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടയ ഡാഷ് ബോർഡ് രൂപീകരിച്ച് ജില്ലാ അടിസ്ഥാനത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ പട്ടിക തഹസീൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെ കുറിച്ച് അന്വേഷണം നടത്തി വരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതാത് വില്ലേജുകളിലോ തൊട്ടടുത്ത |

| | | |
|---|---|---|
| | | വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തി വരുന്നു. നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021 മുതൽ 2024 വരെയുള്ള കാലയളവിൽ 1964-ലെയും 1995-ലെയും ഭൂമിപതിവു ചട്ടങ്ങൾ പ്രകാരവും (LA പട്ടയം), 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരവും (LT പട്ടയം), 2006-ലെ വനാവകാശ നിയമപ്രകാരവും (അവകാശ രേഖ (ROR), ആകെ 1,51,068 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>നിലവിലെ ഭൂപതിവ് ചട്ടപ്രകാരം പുറമ്പോക്ക് ഭൂമി പതിവിന് വിധേയമല്ല. ആയതിനാൽ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയും പതിച്ചു നൽകുവാൻ സാധിക്കുന്നതല്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒഴികെയുള്ള മറ്റ് വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി, ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലായെന്നുള്ള ടി വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും കൂടാതെ പഞ്ചായത്ത് രാജ് ചട്ടപ്രകാരം തദ്ദേശസ്വയംഭരണം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കിയോ/വിട്ടൊഴിയുകയോ ചെയ്തതിനു ശേഷവും മാത്രമേ അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ |

| | | |
|---|---|---|
| | | സാധിക്കുകയുള്ളൂ. അപ്രകാരം ലഭ്യമാകുന്ന ഭൂമി ഭൂപതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനുള്ള നടപടികൾ പട്ടയമിഷൻ മുഖേന സ്വീകരിച്ചുവരുന്നു എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6. | രൂക്ഷമായ തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരുന്നതിനും വകുപ്പുകളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 16) | **<u>ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്</u>**<br>(01.10.2016-ലെ 695672/ഉപ.സി3/2016/ഉഭപവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>നിയമനങ്ങൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 27.05.2016-ലെ ഉപസി3/38/16/ഉഭപവ നമ്പർ സർക്കുലർ പ്രകാരം റാങ്ക് പട്ടിക നിലവിലുള്ള എല്ലാ തസ്തികകളുടെയും ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പ് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**<u>പാർലമെന്ററികാര്യ വകുപ്പ്</u>**<br>(28.02.2019-ലെ പാ.കാ.വ.-ബി1/72/2016-പാ.കാ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>24.04.2016-ലെ പി.എ.ഡി-72/ബി1/2016-പി.എ.ഡി. നമ്പർ സർക്കുലർ മുഖാന്തിരവും അല്ലാതെയും അടിയന്തര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**<u>കൃഷി (ക്ഷീരവികസനം) വകുപ്പ്</u>**<br>(21.06.2017-ലെ 283/ഡി3/16/ഡി.ഡി. നമ്പർ കത്ത് മുഖേന |

| | | |
|---|---|---|
| | | ലഭിച്ചത്)<br>ഒഴിവുകൾ യഥാസമയം പി.എസ്.സ്.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.<br><br>**<u>വ്യവസായ വകുപ്പ്</u>**<br>(25.02.2023-ലെ എം1/131/2017/വ്യവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>മൈനിംഗ് & ജിയോളജി വകുപ്പിലും വ്യവസായ വാണിജ്യ വകുപ്പിലും വരുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. - യുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം കാലതാമസം കൂടാതെ നടത്തുകയും ചെയ്തുവരുന്നു. |
| 7. | സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ ബാദ്ധ്യത യഥാസമയം നിശ്ചയിക്കുകയും അവരുടെ പേരിൽ മറ്റിതര നടപടികൾ ഉണ്ടെങ്കിൽ ആയവ, അവർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുൻപ് തന്നെ പൂർത്തീകരിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 17) | **<u>പാർലമെന്ററികാര്യ വകുപ്പ്</u>**<br>(28.02.2019-ലെ പാ.കാ.വ.-ബി1/72/2016-പാ.കാ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>24.04.2016-ലെ പി.എ.ഡി-72/ബി1/2016-പി.എ.ഡി. നമ്പർ സർക്കുലർ മുഖാന്തിരവും അല്ലാതെയും അടിയന്തര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**<u>കൃഷി (ക്ഷീരവികസനം) വകുപ്പ്</u>**<br><br>(21.06.2017-ലെ 283/ഡി3/16/ഡി.ഡി. നമ്പർ കത്ത് മുഖേന |

| | | |
|---|---|---|
| | | ലഭിച്ചത്)<br>ക്ഷീരവികസന വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ ബാദ്ധ്യതയിലും മറ്റിതര നടപടികൾ സംബന്ധിച്ച വിവരങ്ങളിന്മേലും കോടതിയിലുള്ള കേസ് ഒഴികെയുള്ളവ യഥാസമയം തന്നെ പരിഹരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**<u>വ്യവസായ വകുപ്പ്</u>**<br>(25.02.2023-ലെ എം1/131/2017/വ്യവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മൈനിംഗ് & ജിയോളജി വകുപ്പിലും വ്യവസായ വാണിജ്യ വകുപ്പിലും സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും യഥാസമയം നിശ്ചയിക്കുകയും അവരുടെ പേരിൽ മറ്റിതര നടപടികൾ ഉണ്ടെങ്കിൽ അത് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

തിരുവനന്തപുരം,
24.02.2026

**വി. ജോയി**
**ചെയർപേഴ്സൺ,**
**ഹർജികൾ സംബന്ധിച്ച സമിതി**

അനുബന്ധം

കേരള സർക്കാർ

പി.എ.ഡി-72/ബി1/2016-പി.എ.ഡി

പാർലമെന്ററികാര്യ (ബി) വകുപ്പ്

തിരുവനന്തപുരം

തീയതി : 24.04.2016

## സർക്കുലർ

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - ഹർജികൾ സംബന്ധിച്ച സമിതി (2014-16) യുടെ 11-ാം മത് റിപ്പോർട്ട്- (ജനറൽ റിപ്പോർട്ട്) - പൊതു ശിപാർശകളിന്മേൽ തുടർനടപടി - സംബന്ധിച്ച്

സൂചന : നിയമസഭാ സെക്രട്ടറിയുടെ 14/03/2016 തീയതിയിലെ 14317/ഹർജി.ബി3/2016/നി.സെ. നമ്പർ കത്ത്.

ഹർജികൾ സംബന്ധിച്ച സമിതി (2014-16) യുടെ 11-ാം മത് റിപ്പോർട്ടിലെ പൊതു ശിപാർശകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. നിയമസഭാ സമിതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സർക്കാർ വകുപ്പുകളുടെ സഹകരണവും, ഏകോപനവും അത്യന്താപേക്ഷിതമാണ്. ഹർജികളിന്മേൽ ഗവൺമെന്റ് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലും, റിപ്പോർട്ടുകളിന്മേൽ സമിതി ആവശ്യപ്പെടുന്ന വിവരം ലഭ്യമാക്കുന്നതിലും സർക്കാർ വകുപ്പുകളുടെ അനാസ്ഥ സമിതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ഹർജികളിന്മേൽ റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് മൂന്ന് മാസത്തിലൊരിക്കൽ വകുപ്പ് സെക്രട്ടറി തലത്തിലും 6 മാസത്തിലൊരിക്കൽ ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗം നടത്തി സമിതിയ്ക്ക് യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3. റിപ്പോർട്ട് ആവശ്യപ്പെട്ട് ഹർജി ഗവൺമെന്റിലേയ്ക്ക് അയച്ച് 10 വർഷത്തിലധികമായിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്ത ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

4. റിപ്പോർട്ടിലെ അനുബന്ധം iv-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹർജികൾ പരിശോധിച്ച് അവയിന്മേൽ റിപ്പോർട്ടുകൾ (ഹർജി വകുപ്പിന് അയച്ചു തന്നിട്ടുള്ള ഫയൽ നമ്പർ സൂചിപ്പിച്ചുകൊണ്ട്) ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

5. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ആഭ്യന്തരവകുപ്പ് കേസ് അന്വേഷണത്തിന് കാലതാമസമുണ്ടാകുന്ന വേളയിൽ അന്വേഷണം യുക്തമായ മറ്റേതെങ്കിലും സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തേണ്ടതാണെന്നും, സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരായിട്ടുള്ള കേസുകൾ മറ്റേതെങ്കിലും അന്വേഷണ-ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശ ആഭ്യന്തര വകുപ്പ് ഗൗരവമായി കാണേണ്ടതാണ്.

6. അഞ്ച് സെന്റിൽ താഴെ മാത്രമുള്ള കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കണമെന്നാവശ്യപ്പെട്ട സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ജില്ലാതലത്തിൽ വിശദപരിശോധന നടത്തി ഭൂരഹിതരും, അർഹതപ്പെട്ടവരുമായവർ കൈവശം വച്ചിരിക്കുന്ന വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി ഗവൺമെന്റിന്റെ പദ്ധതികൾക്ക് ആവശ്യമില്ലെങ്കിൽ കൈവശക്കാർക്ക് തന്നെ പതിച്ചു നൽകുകയോ ഇവരെ ഭൂരഹിതർക്കുള്ള ഭൂവിതരണ പദ്ധതിയിലുൾപ്പെടുത്തി ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന സമിതി ശിപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7. രൂക്ഷമായ തൊഴിലില്ലായ്മ കുറച്ചു കൊണ്ടുവരുന്നതിനും വകുപ്പുകളുടെ സുഗമവും, കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സമിതി ശിപാർശയിന്മേൽ എല്ലാ വകുപ്പുകളും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8. സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ ബാദ്ധ്യത യഥാസമയം നിശ്ചയിക്കുകയും, അവരുടെ പേരിൽ മറ്റിതര നടപടികൾ ഉണ്ടെങ്കിൽ ആയവ, അവർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുൻപ് തന്നെ പൂർത്തീകരിച്ച് പെൻഷനും, മറ്റാനുകൂല്യങ്ങളും യഥാസമയം നൽകണമെന്ന സമിതി ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

**പി.കെ.മൊഹന്തി**
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
സെക്രട്ടേറിയറ്റിലെ നിയമ, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ